# ആമുഖം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ 2 വില്ലേജിലെ ഒരു കൊച്ചു ഗ്രാമമാണ് എളമ്പുലാശ്ശേരി. ഈ പ്രദേശത്തെ പ്രമുഖ പ്രാഥമിക വിദ്യാലയമാണ് എളമ്പുലാശ്ശേരി ജി എൽ പി സ്കൂൾ. 1900 ആണ്ടോടുകൂടി കുടി പള്ളിക്കൂടം ആയി സ്ഥാപിതമായതാണ് ഈ സരസ്വതി ക്ഷേത്രം.ഓലക്കുടിലിൽ പ്രവർത്തനം ആരംഭിച്ച് പിന്നീട് എളമ്പുലാശ്ശേരി മുക്കട്ടയിലെ ഓടിട്ട കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു .പെൺപള്ളിക്കൂടം ആയി ഏറെ നാൾ പ്രവർത്തിച്ച ഈ വിദ്യാലയം അഞ്ചാം തരം വരെയുള്ള ബോർഡായി മാറി എലമെന്ററി സ്കൂളായും പിന്നീട് ജി എൽ പി സ്കൂൾ ആയും സംസ്കാരിക മേഖലകളിൽ വിലപ്പെട്ട സംഭാവനകൾ നൽകി വളർച്ചയുടെ പാതയിൽ നൂറാം നാഴികകല്ലും പിന്നിട്ടു കഴിഞ്ഞിരിക്കുന്നു.

എളമ്പുലാശ്ശേരി ജി എൽ പി സ്കൂളിന് സ്വന്തമായി 51 സെൻറ് സ്ഥലവും DPEP ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച 6 ക്ലാസ് മുറികളും ഗ്രാമപഞ്ചായത്ത് നിർമ്മിച്ചു തന്ന രണ്ട് ക്ലാസ്സ് മുറികളും അടക്കം 8 ക്ലാസ് മുറികളോടുകൂടി 2000 മെയ് 20 ന് ഇന്ന് കാണുന്ന സ്കൂൾ പ്രവർത്തനം ആരംഭിച്ചു.അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കെ

എം രാമൻ മാസ്റ്ററുടെ അശ്രാന്ത പരിശ്രമം ആണ് വാടക കെട്ടിടത്തിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്ക് ഉള്ള മാറ്റം സാധ്യമാക്കിയത്.

2014 -15 വർഷത്തിൽ ഒറ്റപ്പാലം എംഎൽഎ ശ്രീ ഹംസ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മൂന്ന് ക്ലാസ് മുറികളും 2015 -16 വർഷത്തിൽ പുതിയ അടുക്കളയും ലഭിച്ചിട്ടുണ്ട് പഞ്ചായത്തിന്റെ വകയായി കുടിവെള്ള സൗകര്യവും 2016 വർഷത്തിൽ ലഭിച്ചിട്ടുണ്ട് .2019 വർഷത്തിൽ പൂർവ്വ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും സഹകരണത്തോടെ പ്രവേശന കവാടം നവീകരണത്തിനും ക്ലാസ് മുറികൾ ടൈൽസ് പതിപ്പിച്ച് ടെറസ് ഫ്രീ ക്ലാസ് റൂമുകൾആക്കാനും കഴിഞ്ഞിട്ടുണ്ട്.
സംസ്ഥാന കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഏതാനും സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ള ഹെൽത്തി കിഡ്സ് പദ്ധതിയും 2024 25 അധ്യായന  വർഷം മുതൽ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തനമാരംഭിച്ചു.കുട്ടികളുടെ സമഗ്ര കായിക ആരോഗ്യ വികസനത്തിന് ആവശ്യമായ ഇൻഡോർ ഔട്ഡോർ പാർക്കുകൾ ഇതിൻറെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്..
അറിവ് നിർമ്മാണ പ്രക്രിയയിൽ അധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഈ

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി

ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിൽ എല്ലാ ക്ലാസുകളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്. ഇവിടത്തെ ഭൂരിഭാഗം കുട്ടികളും സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽ നിന്നുള്ളവരാണ്.പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ  ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.പിടിഎ ,എം പി ടി എ കമ്മറ്റികളുടെയും സമൂഹത്തിന്റെയും പിന്തുണ സ്കൂളിൻറെ എല്ലാ പ്രവർത്തനങ്ങളിലും നിർലോഭം ലഭിക്കുന്നു.കാലഘട്ടത്തിന്റെ മാറ്റങ്ങൾക്ക് അനുസരിച്ചുള്ള പുരോഗതി വിദ്യാലയത്തിന് ലഭിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളാണ് ഇവിടെ സമർപ്പിക്കുന്നത്.എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

# പ്രവർത്തനങ്ങൾ

* ജൂൺ

ജൂൺ 2 : പ്രവേശനോത്സവം (ഉദ്ഘാടനം, സെൽഫി പോയിന്റ്, മൺചിരാത്, വെൽകം ഡാൻസ്, തൊപ്പി, ബലൂൺ)

ജൂൺ 4: പ്രി ടെസ്റ്റ്

ജൂൺ 5: പരിസ്ഥിതി ദിനം (125 തൈ നടാം.. സ്കൂളിലും നാട്ടിലും.,
പരിസ്ഥിതിദിന ക്വിസ്, പോസ്റ്റർ നിർമാണം, ടാബ്ലോ)

ജൂൺ 19: വായനവാരം

പുസ്തക പരിചയം.. കുട്ടികൾ, പൂർവ്വ വിദ്യാർഥികൾ, അധ്യാപകർ, യുവ എഴുത്തുകാർ)

അമ്മക്കഥ

വായന വസന്തം

പാട്ടരങ്ങ്

വായന വരാന്ത

പുസ്തക പ്രദർശനം

ചുമർപത്രിക

കഥാചിത്രീകരണം

ജൂൺ 21: യോഗ ദിനം.. യോഗപരിശീലനം

കുട്ടിയെ അറിയാം.. ഗൃഹ സന്ദർശനം

പോസ്റ്റ് ടെസ്റ്റ്

*ജൂലൈ

ജൂലൈ 5: ബഷീർ ദിനം

_ബഷീർ അനുസ്മരണം, കൃതികൾ പരിചയപ്പെടൽ, ബഷീർ അനുസ്മരണം

വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം

വിദ്യാരംഗം ഉദ്ഘാടനം_ നാടൻ പാട്ട് ശില്പശാല

ടാലന്റ് ലാബ്_ ഒറിഗാമി പരിശീലനം- ഉദ്ഘാടനം

ജനറൽ പിടിഎ

ജൂലൈ 21: ചാന്ദ്രദിനം

റോക്കറ്റ് എക്സ്പോ, ക്വിസ്, പതിപ്പ് നിർമാണം, വീഡിയോ പ്രദർശനം.

ശാസ്ത്ര സ്പന്ദനം.. ലഘു പരീക്ഷണങ്ങൾ

സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

യൂണിറ്റ് ടെസ്റ്റ്

English വർക്ക്ഷോപ്പ്

കാവ്യോത്സവം, പാട്ടരങ്ങ്, റീഡേഴ്സ് തിയറ്റർ

സർഗ്ഗവേള_ മികവ് പ്രദർശനം

അരങ്ങത്തേക്ക്, രചനോത്സവം എന്നിവ തുടങ്ങുന്നു

_

ആഗസ്റ്റ്

ക്ലാസ്സ് പിടിഎ.. ബോധവൽക്കരണ ക്ലാസ്

ഗണിത പഠനോപകരണ ശില്പശാല

ആഗസ്റ്റ് 15: സ്വാതന്ത്ര്യ ദിനം ( ക്വിസ്, പതിപ്പ് നിർമ്മാണം, ദേശഭക്തിഗാനം മത്സരം )

പ്രവൃത്തി പരിചയമേള.. സ്കൂൾ തലം

സ്കൂൾ പത്രം

പാദവാർഷിക മൂല്യനിർണയം

ഓണാഘോഷം

*<u>സെപ്റ്റംബർ</u>

ക്ലാസ് പിടിഎ

സ്കൂൾതല കലാമേള, കായികമേള

ടാലന്റ് ലാബ്_ വെജിറ്റബിൾ പ്രിന്റിംഗ്

* <u>ഒക്ടോബർ</u>

2.. ഗാന്ധിജയന്തി ( സേവന വാരം _ ശുചീകരണം,ക്വിസ് )

സബ്ജില്ലാ മേളകൾ _ തയ്യാറെടുപ്പ്

എൽ എസ് എസ് പരിശീലനം

യൂണിറ്റ് ടെസ്റ്റ്

*<u>നവംബർ</u>

പത്രവാർത്ത വായനാ മത്സരം

കഥ, കവിത രചന ക്യാമ്പ്

ശിശുദിനം_ kids fest

സബ്ജില്ലാ കലോത്സവം

*<u>ഡിസംബർ</u>

പഠനയാത്ര

അറബിക് ഭാഷ ദിനാഘോഷം

സ്കൂൾ പത്രം

ക്രിസ്തുമസ് ആഘോഷം

അർദ്ധ വാർഷിക മൂല്യനിർണയം

*<u>ജനുവരി</u>

പുതുവർഷ ആഘോഷം

ക്ലാസ് പിടിഎ

സ്കൂൾ മാഗസിൻ, പ്രിന്റഡ് സ്കൂൾപത്രം

റിപ്പബ്ലിക് ദിനാഘോഷം

യൂണിറ്റ് ടെസ്റ്റ്

ഗൃഹ സന്ദർശനം

സ്കൂൾ വാർഷികാഘോഷം

*<u>ഫെബ്രുവരി</u>

കുട്ടികളുടെ സ്വതന്ത്ര രചനകൾ.. ക്ലാസ് തലം.. പ്രദർശനം

യൂണിറ്റ് ടെസ്റ്റ്

*<u>മാർച്ച്</u>

ഗൃഹസന്ദർശനം തുടരുന്നു

പഠനോത്സവം

സ്കൂൾ പത്രം

വാർഷിക മൂല്യനിർണയം